**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2567** **12-12-2022 - ൽ മറുപടിയ്ക്ക്**

**കുട്ടികളിലെ ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുട്ടികളിലെ ലഹരിവസ്തുക്കളുടെ ഉപയോഗം പാടെ തുടച്ചുനീക്കുവാൻ എക്സൈസ് വകുപ്പ് മറ്റു വകുപ്പുകളുമായി ചേർന്ന് ബോധവത്ക്കരണമുൾപ്പെടെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | കുട്ടികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും വിമുക്തിയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകളും മറ്റ് വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ എൻ.എസ്.എസ്, എസ്.പി.സി., എൻ.സി.സി, സ്കൗട്ട് & ഗൈഡ്സ് എന്നിവരുമായി സഹകരിച്ച് കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം കണ്ടെത്തി അത്തരം കുട്ടികളെ കൗൺസിലിംഗിന് വിധേയമാക്കുന്നു. സ്കൂൾ സംരക്ഷണ സമിതി, രക്ഷകർത്തൃസമിതി എന്നിവരുമായി സഹകരിച്ച് സ്കൂളിന് സമീപത്തുള്ള ലഹരി വിൽപ്പനക്കാരുടെ നീക്കങ്ങൾ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തിയും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു.<br><br>വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും സ്കൂളുകളിൽ "ഉണർവ്വ്" എന്ന പേരിൽ കായിക പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നു. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ ‘നേർക്കൂട്ടം’ എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ ‘ശ്രദ്ധ’ എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു.<br><br>തീരദേശമേഖലയിലും, ആദിവാസിമേഖലയിലും കുട്ടികളിലും യുവാക്കളിലും കായിക ശേഷി |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനും അവരെ അനഭിലഷണീയമായ പ്രവണതകളിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും ടി മേഖലകളിൽ “ഫിറ്റ്നെസ്സ് കേന്ദ്രങ്ങൾ” തുടങ്ങി പ്രവർത്തിച്ചു വരുന്നു.<br><br>ആരോഗ്യ വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്ത് 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 3 മേഖലാ കൗൺസിലിംഗ് സെന്ററുകളും, തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്ററും ആരംഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാനും ‘ലഹരിമുക്ത കേരളം’ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമായി കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ ‘വിമുക്തി’-ക്ക് രൂപം നൽകിയിട്ടുണ്ട്. ലഹരിക്കെതിരെ വിവിധ തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും, ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് എന്നിവ നൽകുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചും, പൊതുജന പങ്കാളിത്തത്തോടെയും, മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ വിമുക്തി മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ